# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2899 07.12.2018 -ലെ മറുപടി

## കയ്പമംഗലം കടൽഭിത്തി നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ** | **കെ.കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കയ്പമംഗലം നിയോജകമണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര പദ്ധതികളാണ് ടെണ്ടർ വിളിച്ചിട്ടും കരാറുകാർ ഏറ്റെടുക്കാത്തത്; കരാറുകാർ ജോലി ഏറ്റെടുക്കാത്തതിന്റെ കാരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 2017-18 സാമ്പത്തിക വർഷത്തിൽ കയ്പമംഗലം നിയോജക മണ്ഡലത്തിലെ ഏറിയാട്, എടവിലങ്ങ് ഗ്രാമപഞ്ചായത്തുകളിലായി 5 പ്രവൃത്തികൾ തൃശ്ശൂർ മദ്ധ്യമേഖല ജലസേചന വിഭാഗം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 4 തവണ ടെണ്ടർ ക്ഷണിക്കുകയും, ടി കാര്യാലയത്തിൽ നിന്നും കൊടുങ്ങല്ലൂർ ഇറിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും ഓരോ തവണ വീതം ക്വട്ടേഷൻ ക്ഷണിക്കുകയും ചെയ്തെങ്കിലും കരാറുകാർ ആരും തന്നെ പ്രവൃത്തി ഏറ്റെടുക്കുവാൻ തയ്യാറായില്ല. വലിയ കല്ലുകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടാണ് പ്രവൃത്തി ഏറ്റെടുക്കാതിരിക്കുന്നതിനുള്ള കാരണമായി കരാറുകാർ ചൂണ്ടിക്കാണിക്കുന്നത്. |

(ബി) ഇതുമായി ബന്ധപ്പെട്ട് പാറക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കയ്പമംഗലം നിയോജകമണ്ഡലത്തിലെ തകർന്ന കടൽഭിത്തി പുനർ നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കയ്പമംഗലത്തെ മറ്റ് 4 പ്രവൃത്തികൾ കരാറുകാരൻ നിർത്തിവച്ച സാഹചര്യത്തിൽ തൃശ്ശൂർ ജില്ലാ കളക്ടറും എറണാകുളം ജില്ലാ കളക്ടറും എറണാകുളം ജിയോളജിസ്റ്റും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കൂടി ചേർന്ന സംയുക്ത മീറ്റിംഗിൽ തുടർ പ്രവൃത്തിക്കാവശ്യമായ കല്ലുകൾ അയ്യമ്പുഴ പഞ്ചായത്തിൽ നിന്നും എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. തുടർന്ന് കരാറുകാരൻ പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കയ്പമംഗലം നിയോജക മണ്ഡലത്തിലെ തകർന്ന കടൽഭിത്തി പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് 965 ലക്ഷം രൂപയുടെ 5 പ്രവൃത്തികൾക്കുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(സി) കടൽഭിത്തി നിർമ്മാണത്തിന്റെ കാലതാമസത്തിനുള്ള കാരണങ്ങൾ എന്തെല്ലാം; ഇത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

(സി) വലിയ കല്ലുകളുടെ ലഭ്യതക്കുറവാണ് പ്രധാനമായും കടൽഭിത്തി നിർമ്മാണത്തിന്റെ കാലതാമസത്തിന് കാരണമാകുന്നത്. കല്ലിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി അനുയോജ്യമായ സ്ഥലങ്ങളിൽ ജിയോട്യൂബ് ഉപയോഗിച്ച് പരീക്ഷണാടിസ്ഥാനത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**